**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3797** **25.06.2013-ൽ മറുപടിക്ക്**

**നികുതി ചോർച്ച തടയാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | 2011-2012 സാമ്പത്തിക വർഷം സംസ്ഥാന ഖജനാവിലേക്ക് നികുതിയിനത്തിൽ വരേണ്ട 810 കോടി രൂപയുടെ ചോർച്ച യുണ്ടായതായി സി.എ.ജി. കണ്ടെത്തിയിട്ടുണ്ടോ; | (എ) | 2011-2012 സാമ്പത്തിക വർഷം 810.11 കോടി രൂപയുടെ ഷോർട്ട് ലെവി സി.എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | (ബി) | വിവിധ ഇനങ്ങളിലായി സി.എ.ജി. ചൂണ്ടിക്കാണിച്ചിരിക്കുന്ന നികുതി ചോർച്ച അനുബന്ധമായി ചേർത്തി രിക്കുന്നു. |
| (സി) | ഇപ്രകാരം നികുതി ചോർച്ച യുണ്ടാകാൻ ഇടയാക്കിയ കാരണങ്ങൾ വിശദമാ ക്കാമോ; | (സി) | സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ വാണിജ്യ നികുതി ഓഫീസുകളിൽ നിന്നുള്ള ഫയലുകൾ പരിശോധി ച്ചാണ് സി.എ.ജി. റിപ്പോർട്ട് നൽകിയിരിക്കുന്നത്. എന്നാൽ സി.എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണി ക്കപ്പെട്ട 810.11 കോടി രൂപയുടെ നികുതിചോർച്ച സ്ഥിരീകരിക്ക പ്പെട്ടിട്ടില്ല. ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരിൽനിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം സ്ഥിരീകരിക്കാനാവു കയുള്ളൂ. |
| (ഡി) | നികുതി ചോർച്ചയുണ്ടായത് വീണ്ടെടുക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെ ങ്കിൽ അതിന്റെ വിശദാംശ ങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | ആഡിറ്റിംഗിലെ കണ്ടെത്തൽ നിയമാ നുസൃതമാണെന്ന് കാണുന്ന കേസു കളിൽ പുനർനിർണ്ണയം നടത്തി നികുതിചോർച്ച മൂലമുണ്ടായ നഷ്ടം നികത്തുവാൻ നടപടി സ്വീകരിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമനമ്പർ | വിഭാഗം (മൂല്യവർദ്ധിത നികുതി/കെ.ജി.എസ്റ്റി) | കേസുകളുടെ എണ്ണം | തുക (രൂപ കോടിയിൽ) |
|---|---|---|---|
| 1 | ക്രയവിക്രയതുക നികുതി നിർണ്ണയത്തിൽ നിന്നും വിട്ടുപോയത് | 898 | 267.10 |
| 2 | ക്രമവിരുദ്ധമായി ഒഴിവാക്കൽ അനുവദിച്ചത് | 400 | 255.43 |
| 3 | തെറ്റായ നികുതി നിരക്ക് പ്രയോഗിച്ചത് | 211 | 29.10 |
| 4 | ഇൻപുട്ട് നികുതിയുടെ ക്രഡിറ്റ് അധികമായി അനുവദിച്ചത് | 425 | 21.33 |
| 5 | സൗജന്യ നികുതി നിരക്ക് തെറ്റായി അനുവദിച്ചത് | 26 | 147.45 |
| 6 | പലിശ ചുമത്താതിരുന്നത്/കുറവായി ചുമത്തിയത് | 17 | 3.18 |
| 7 | മറ്റു വീഴ്ചകൾ | 562 | 86.52 |
| **ആകെ** | | **2539** | **810.11** |

സെക്ഷൻ ഓഫീസർ